# ആശ്വാസ്– 2016

**Email : keralarcs.coop@kerala.gov.in**
**Website : www. cooperation. kerala.gov.in.**

A.E.L 58625 /15

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 17.12.2015

## സർക്കുലർ നമ്പർ 53 /2015

വിഷയം– സഹകരണ വകുപ്പ്- സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി –ആശ്വാസ് –2016 സഹകരണ അദാലത്ത് 2016 ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ സംഘടിപ്പിക്കുന്നത്- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും, ആയതുവഴി സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി ആവിഷ്ക്കരിച്ച ‘‘ആശ്വാസ് ‘‘ പദ്ധതി, ‘‘സഹകരണ അദാലത്തു’’കളിലൂടെ കുടിശ്ശിക ഇനത്തിൽ ഗണ്യമായ തുക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പയെടുത്ത സഹകാരികളിൽ നല്ലൊരു ശതമാനം പേർ വിവിധ കാരണങ്ങളാൽ വായ്പ തിരിച്ചടക്കാത്തതിനാൽ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ കുടിശ്ശിക/നിഷ്ക്രിയ ആസ്തി നിലനിൽക്കുന്ന സാഹചര്യവും ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ സംശയാസ്പദവും, കിട്ടാക്കടവുമായ വായ്പകളും നിഷ്ക്രീയ ആസ്തികളും കുടിശ്ശികയുടെ കാലയളവ്, ജാമ്യത്തിന്റെ സ്വഭാവം എന്നിവ കണക്കിലെടുത്ത് ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത പ്രാഥമിക വായ്പാ സംഘങ്ങൾ, കാർഷിക വികസന ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകൾ, നബാർഡ്/റിസർവ്വ് ബാങ്ക് എന്നിവയുടെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് ആഡിറ്റിൽ കരുതൽ വെയ്ക്കുന്നത് സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതക്കും, വിശ്വാസ്യത കാത്തു സൂക്ഷിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. നിഷ്ക്രിയ ആസ്തി/കുടിശ്ശികയുടെ വർദ്ധനവനുസരിച്ച് ആഡിറ്റിൽ കരുതൽ വെയ്ക്കുന്ന തുകയിലും വർദ്ധനവുണ്ടാകുന്ന സ്ഥിതി വിശേഷം ഉണ്ടാകുകയും, തന്മൂലം സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടം കൂടുന്നതിനും, ആയത് സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടവരുത്തുന്നു.

ഈ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുന്നതിനുമായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പരിപാടി ‘**ആശ്വാസ് 2016**’ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**ആശ്വാസ് 2016-രണ്ട് ഘട്ടമായാണ് നടപ്പിലാക്കുന്നത്.**

**I. <u>സഹകരണ അദാലത്ത്-</u> 2016 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെ**
**II. <u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u> 2016 ജനുവരി 1 മുതൽ മാർച്ച് 31 വരെ.**

## I. സഹകരണ അദാലത്ത്

1) കരുതൽ വെക്കേണ്ടി വന്നതും, സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടത്തിന് ഇടയാക്കുന്നതുമായ കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായ 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ, സംഘം/ബാങ്ക് തലത്തിൽ നടത്തുന്ന അദാലത്തിലൂടെ ഒറ്റത്തവണയായി അടച്ചു തീർക്കുന്നതിനും ഇതിലൂടെ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക പരമാവധി കുറക്കുകയും, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുകയും ചെയ്യുക എന്നതാണ് സഹകരണ അദാലത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്.

   സഹകരണ അദാലത്തിന്റെ നടത്തിപ്പിനായി ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2) 2015 ഡിസംബർ 31-ന് പൂർണ്ണമായോ ഭാഗികമായോ കുടിശ്ശികയായ വായ്പകൾ അദാലത്തിൽ പരിഗണിക്കാവുന്നതാണ്.
3) എല്ലാ കുടിശ്ശികക്കാർക്കും, അദാലത്ത് സംഘടിപ്പിക്കുന്ന വിവരവും വായ്പാ ബാധ്യതയും, അദാലത്ത് നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ സംബന്ധിച്ച് തപാൽ മുഖേനയോ നേരിട്ടോ അറിയിപ്പ് നൽകേണ്ടതാണ്.
4) അദാലത്ത് സംബന്ധിച്ച് പ്രാദേശികമായി വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ആകർഷകമായ പോസ്റ്ററുകൾ, അച്ചടിപ്പിക്കാവുന്നതും ബാനറുകൾ, പരസ്യങ്ങൾ, നോട്ടീസുകൾ എന്നിവ പ്രദർശിപ്പിക്കാവുന്നതും, ഉച്ചഭാഷിണി, പ്രാദേശിക കേബിൾ ടി.വി, മാധ്യമങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവ മുഖേന ചെലവു കുറഞ്ഞ ലഘു പരസ്യങ്ങൾ ചെയ്യാവുന്നതുമാണ്.
5) മരണപ്പെട്ടവരുടെ വായ്പകൾ, അപകടം പറ്റി ശയ്യാവലംബരായവർ, മാരകരോഗം ബാധിച്ചവർ/മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും, മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി വായ്പ ബാധ്യത തീർപ്പാക്കാവുന്നതാണ്.
6) വായ്പക്കാരന്റെ നിലവിലെ സാഹചര്യം, സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ ഭരണ സമിതി വിലയിരുത്തി ഉചിതമായ തീരുമാനത്തിലെത്തുകയും, വായ്പ

ക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയിലാകുകയും, ടി ധാരണ പ്രകാരം വായ്പ തിരിച്ചടവിന് അവസരം നൽകേണ്ടതുമാണ്.

7) 100% വും കരുതൽ വെക്കേണ്ടി വന്ന വായ്പകൾ അദാലത്തിൽ തീർപ്പാക്കുന്നതിന് പ്രത്യേക മുൻഗണന നൽകേണ്ടതാണ്.

8) 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ അദാലത്തിൽ പരിഗണിക്കുമ്പോൾ;

എ) 5 ലക്ഷം രൂപ വരെ മുതലിനത്തിലുള്ളവയും കുടിശ്ശികയുമായ വായ്പകൾ, വായ്പാ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ, ഏതാണോ കുറവ് ആയത് പ്രകാരം പലിശ തുക ഈടാക്കിയും ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ് ഈടാക്കിയും വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കി നിൽപ്പ് മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ കണക്കവസാനിപ്പിക്കാവുന്നതാണ്.

ബി) 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾ അദാലത്തിൽ പരിഗണിക്കുമ്പോൾ, കുടിശ്ശികയായ വായ്പയുടെ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ തുകയും ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കി നിൽപ്പ് മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് അപ്രകാരം അധികരിച്ച പലിശ തുകയുടെ 5% ൽ അധികരിക്കാതെയുള്ള തുക പരമാവധി 20,000/- രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും കൂടി ഈടാക്കിയും മറ്റ് ചെലവുകൾ ഒഴിവാക്കിയും എന്നാൽ ആർബിട്രേഷൻ/ എക്സിക്യൂഷൻ ഫീസ് ഈടാക്കിയും അതാതു സംഘം/ബാങ്ക് ഭരണ സമിതിക്ക് അദാലത്തിൽ തീരുമാനം കൈക്കൊണ്ട് വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

സി) എന്നാൽ വായ്പാക്കാരൻ മരണപ്പെട്ടതും റിസ്ക്ക് ഫണ്ടിന്റെ പരിധിയിൽ വരാത്തതുമായ വായ്പകളിൽ പലിശ പൂർണ്ണമായോ ഭാഗീകമായോ ഒഴിവാക്കി നൽകാവുന്നതാണ്.

ഇപ്രകാരം വായ്പകൾക്ക് പലിശ കണക്കാക്കുമ്പോൾ ഉചിതവും, അർഹതയുമുണ്ടെന്ന് വിലയിരുത്തുന്ന ഖണ്ഡിക 5 ൽ പരാമർശിച്ചിട്ടുള്ള കേസുകളിൽ ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ് എന്നിവ ഒഴിവാക്കി കൊടുക്കാവുന്നതുമാണ്.

9. വായ്പക്കാരന്റെ നിലവിലെ സാഹചര്യം സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ വിലയിരുത്തി (ഖണ്ഡിക 5-ൽ പരാമർശിച്ചിട്ടുള്ള)കേസുകളിൽ പലിശ ബാധ്യത ഭാഗികമായി ഒഴിവാക്കി നൽകുന്നത് അദാലത്തിനായി രൂപീകരിക്കുന്ന സംഘം/ബാങ്ക് ഭരണസമിതി, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റിക്ക് പരിഗണിക്കാവുന്നതാണ്.

10. അദാലത്തിൽ സംഘം/ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരും അസിസ്റ്റന്റ് രജിസ്ട്രാർ/യൂണിറ്റ് ഇൻസ്പെക്ടർ, ആഡിറ്റർ, എ&ഇ ഇൻസ്പെക്ടർ/സ്പെഷ്യൽ സെയിൽ ആഫീസർ തുടങ്ങിയ വകുപ്പുദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കേണ്ടതും, വായ്പക്കാരുടെ സ്ഥിതി ബോധ്യപ്പെട്ടും

വായ്പയുടെ തരം തിരിവ്, കാലാവധി, വായ്പയ്ക്ക് ആഡിറ്റിൽ വെച്ചിട്ടുള്ള കരുതൽ, എന്നിവ കണക്കിലെടുത്തും, ഇളവ് അനുവദിക്കുന്നതിനുള്ള വ്യക്തമായ കാരണം രേഖപ്പെടുത്തി വായ്പയിൽ തീർപ്പ് കല്പിക്കേണ്ടതാണ്.

11. കുടിശ്ശിക വായ്പയുടെ പലിശ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത പൂർണ്ണമായോ ഭാഗികമായോ എഴുതി തള്ളാവുന്നതാണെന്ന് വിലയിരുത്തുന്ന വായ്പകൾ എഴുതി തള്ളുന്നതിനുള്ള പ്രൊപ്പോസൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി, ഗവൺമെന്റ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരട ങ്ങുന്ന സ്റ്റിയറിംഗ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കാവുന്നതും, കമ്മിറ്റിയുടെ അനുമതിയോടെ ഇത്തരം വായ്പകളുടെ ബാധ്യത അവസാനിപ്പിക്കാവുന്നതുമാണ്.

ഇളവനുവദിച്ചവരുടെ പട്ടിക, ഇളവനുദിച്ച തുക എന്നിവ സഹിതം അടുത്ത പൊതു യോഗത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

## 12. <u>ആർബിട്രേഷൻ/ എക്സിക്യൂഷൻ കേസുകൾ.</u>

2015 ഡിസംബർ 31 വരെ ബാക്കി നിൽക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട എല്ലാ ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകളും (വായ്പ തുകയുടെ പരിധി ബാധ കമാക്കാതെ) നിർബന്ധമായും അദാലത്തിൽ ഉൾപ്പെടുത്തേണ്ടതും, കക്ഷികൾക്ക് ആർബിട്രേറ്റർ/സെയിൽ ആഫീസർമാർ അതാത് സംഘങ്ങളുടെ അദാലത്ത് ദിവസം സംഘത്തിൽ ഹാജരാകാൻ കക്ഷികൾക്ക് നോട്ടീസ് നൽകേണ്ടതും അദാലത്തിൽ തീരുമാനമാകുന്ന തുക അടയ്ക്കുന്നതിന് പരമാവധി ഒരാഴ്ച സമയപരിധി നിശ്ചയിച്ച് ഉത്തരവ് നൽകേണ്ടതും തുക അടയ്ക്കുന്ന മുറയ്ക്ക് ഫയലിൽ നടപടികൾ അവസാ നിപ്പിക്കേണ്ടതും ഇതു സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി ബന്ധപ്പെട്ട രജിസ്റ്ററുക ളിൽ രേഖപ്പെടുത്തേണ്ടതുമാണ്. കൂടുതൽ കാലപ്പഴക്കമുള്ള ആർബിട്രേഷൻ/എക്സി ക്യൂഷൻ കേസുകൾ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതും പരമാ വധി തീർപ്പാക്കേണ്ടതുമാണ്. **<u>ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ അദാല ത്തിൽ ഉൾപ്പെടുത്തേണ്ടത് സെയിൽ ആഫീസറുടെ ചുമതലയാണ്.</u>** എന്നാൽ 2015 ലെ ആശ്വാസ് പദ്ധതിയോടനുബന്ധിച്ച് ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ പൂർണ്ണമായി അദാലത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഗൗരവമായി വീക്ഷിക്കുകയും ആയതിന്മേൽ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരിക യുമാണ്. 2016 ൽ ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ പൂർണ്ണമായും അദാല ത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തു ന്നവർക്കെതിരെ കേരള സിവിൽ സർവ്വീസസ് 1960(തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. ഏതെങ്കിലും ഉദ്യോഗ

സ്ഥന്റെ ഭാഗത്ത് വീഴ്ച ഉണ്ടാകുന്നുവെങ്കിൽ ബന്ധപ്പെട്ട സംഘങ്ങൾ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

അദാലത്തിൽ തീർപ്പാക്കുന്ന കേസുകളെ സംബന്ധിച്ച വിവരം സംഘം ആസ്ഥാനത്തും, ശാഖകളിലുമുള്ള നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതും, സംഘത്തിന്റെ/ബാങ്കിന്റെ വെബ്സൈറ്റ് ഉണ്ടെങ്കിൽ ആയതിൽ പരസ്യപ്പെടുത്തേണ്ടതും സഹകരണ സംഘം രജിസ്ട്രാറുടെ വെബ് സൈറ്റിൽ (www.cooperation.Kerala.gov.in) പരസ്യപ്പെടുത്തുന്നതിനായി സഹകരണ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. അനുവദിച്ചിട്ടുള്ള ഇളവുകൾ അറിവിനും, അംഗീകാരത്തിനുമായി സംഘം/ബാങ്കിന്റെ അടുത്ത പൊതുയോഗത്തിൽ അവതരിപ്പിക്കേണ്ടതുമാണ്.

13. കുടിശ്ശികയായിരുന്ന വായ്പകൾ അദാലത്തിൽ അടച്ചു തീർക്കുന്ന വായ്പക്കാർക്ക് ആവശ്യമാണെങ്കിൽ നിയമാനുസൃതമായ നടപടി ക്രമങ്ങൾ പാലിച്ച് പുതിയ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും ഇപ്രകാരം നൽകുന്ന വായ്പ നിലവിലുള്ള വായ്പയേക്കാൾ അധികരിക്കാൻ പാടുള്ളതല്ല.

## II <u>ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി</u>

10 ലക്ഷം രൂപക്ക് മുകളിലുള്ള കുടിശ്ശിക വായ്പകൾ അദാലത്തിന്റെ പരിഗണനയിൽ വരാത്തതിനാൽ അത്തരം വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1. <u>10 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെയുള്ള വായ്പകൾ</u>

വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ നിലവിലുള്ള പലിശ നിരക്കോ ഏതാണ് കുറവ് ആയത് പ്രകാരമുള്ള പലിശയും, ബാക്കി നിൽപ് മുതലും ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കി നിൽപ്പ് മുതലിനെക്കാൾ അധികരിക്കുകയാണെങ്കിൽ അപ്രകാരം അധികരിച്ച പലിശയുടെ 10 % ൽ അധികരിക്കാതെയുള്ള തുക പരമാവധി 20000/-രൂപ എസ്റ്റാബ്ലിഷ്മെന്റ് ചാർജും മുതലിനോടൊപ്പം ഈടാക്കിയും, മറ്റ് ചിലവുകൾ ഒഴിവാക്കിയും ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ് ഈടാക്കിയും വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

2. മുൻകാലങ്ങളിൽ ഇത്തരം പദ്ധതികളിൽപ്പെടുത്തി, ആയതു വരെയുള്ള കുടിശ്ശിക മുതലും പലിശയും ഇളവുകളോടുകൂടി അടച്ചുതീർക്കുകയും ആയതിനുശേഷം വീണ്ടും ക്രമമായി അടയ്ക്കാതിരിയ്ക്കുകയും ചെയ്യുന്ന വായ്പകൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് യാതൊരു കാരണവശാലും അർഹത ഉണ്ടായിരിക്കുകയില്ല.

<u>20 ലക്ഷത്തിനുമുകളിലുള്ള വായ്പകൾ</u>

1. **20 ലക്ഷം രൂപയ്ക്ക് മുകളിലുള്ളതും പൂർണ്ണമായും കുടിശ്ശികയായതുമായ വായ്പകളുടെ ബാക്കിനിൽപ്പ് മുതൽ തുക, വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശനിരക്കോ, നിലവിലുള്ള പലിശ നിരക്കോ** ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ നിരക്കിൽ അടച്ചു തീർക്കാവുന്നതും, പലിശ ബാക്കിനിൽപ്പ് മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ <u>അപ്രകാരം അധികരിച്ച പലിശതുകയുടെ</u> 25% തുക ഭരണചെലവ്/എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിൽ ഈടാക്കി പിഴ പലിശ, മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കി നൽകി കണക്ക് അവസാനിപ്പിക്കാവുന്നതാണ്. എന്നാൽ ആർബിട്രേഷൻ എക്സിക്യൂഷൻ കേസ് ഫീസിനത്തിൽ അടച്ചിട്ടുള്ള തുകകൾ ഈടാക്കാവുന്നതാണ്.
<u>**ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള അംഗ സംഘങ്ങൾക്കും ഈ സർക്കുലർ നിർദ്ദേശങ്ങൾ ബാധകമായിരിക്കും.**</u>

**സർക്കുലറിൽ പ്രതിപാദിക്കുന്ന <u>'മുതൽ' എന്നാൽ വായ്പയിൽ ബാക്കിനിൽക്കുന്ന മുതൽ എന്നാകുന്നു. മുമ്പ് വായ്പയിൽ അടച്ച മുതലോ, പലിശയോ യാതൊരു കാരണവശാലും കണക്കിലെടുക്കേണ്ടതോ, പുന:പരിശോധിക്കേണ്ടതോ ഇല്ല. ബാക്കിനിൽക്കുന്ന മുതലിൽ ആണ് പലിശ കണക്കാക്കേണ്ടത്.</u>**

<u>**ആശ്വാസ്** 2016</u> പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകളിൽ സർക്കുലർ നിർദ്ദേശ പ്രകാരം മേൽ ഖണ്ഡിക 2,4-ൽ പരാമർശിച്ചിക്കുന്നതിൽ കൂടുതൽ ആനുകൂല്യം നൽകുന്നതിനോ വായ്പാ ബാധ്യത എഴുതി തള്ളുന്നതിനോ തീരുമാനിക്കുകയാണെങ്കിൽ ആയതിനുള്ള പ്രോപ്പോസൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി, ഗവൺമെന്റ് സെക്രട്ടറി, സഹകരണ സംഘം രജിസ്ട്രാർ എന്നിവരടങ്ങുന്ന സ്റ്റിയറിംഗ് കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കാവുന്നതും, കമ്മിറ്റിയുടെ അനുമതിയോടെ ഇത്തരം വായ്പകളുടെ ബാധ്യത അവസാനിപ്പിക്കാവുന്നതുമാണ്. ആയത് സംബന്ധിച്ച വിവരം അടുത്ത പൊതുയോഗത്തിൽ അറിയിക്കേണ്ടതുമാണ്.

## <u>പൊതു നിർദ്ദേശങ്ങൾ</u>

1) ആശ്വാസ് 2016 സംഘടിപ്പിക്കുന്നതിന് ഓരോ സംഘം/ബാങ്കും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നോഡൽ ആഫീസറായി ചുമതലപ്പെടുത്തേണ്ടതും, ടിയാനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ കുടിശ്ശികക്കാർക്കുള്ള നോട്ടീസിൽ കാണിക്കേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള എല്ലാ ജോലികളും, വായ്പക്കാർക്ക് നോട്ടീസ് അയയ്ക്കുന്നതുൾപ്പെടെ നോഡൽ ആഫീസർ ഉറപ്പുവരുത്തേണ്ടതും, നോഡൽ ആഫീസറുടെ ജോലി ബന്ധപ്പെട്ട ഭരണ സമിതി/ചീഫ് എക്സിക്യൂട്ടിവ് ആഫീസർ വിലയിരുത്തേണ്ടതു മാണ്.

2) നോഡൽ ആഫീസറുടെ പേരു വിവരം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ) നേയും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നേയും അറിയിക്കേണ്ടതാണ്.

3) ആശ്വാസ് 2016-ന്റെ വിജയകരമായ നടത്തിപ്പിനായി സഹകരണ സംഘം/ബാങ്ക് തലത്തിലും താലൂക്ക് തലത്തിലും, ജില്ലാ തലത്തിലും താഴെ പറയും പ്രകാരം കമ്മിറ്റികൾ രൂപീകരിക്കേണ്ടതുമാണ്. കൂടാതെ ബഹുമാനപ്പെട്ട നിയമസഭാ അംഗ ങ്ങൾ, ത്രിതല പഞ്ചായത്തിന്റെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ എന്നിവരെ ആശ്വാസ് 2016 സംബന്ധിച്ച കാര്യങ്ങൾ യഥാസമയം അറിയിക്കേണ്ടതുമാണ്. 2015 ഡിസംബർ 23-ന് മുൻപ് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ്, ജനറൽ മാനേജർ, സർക്കിൾ സഹക രണ യൂണിയൻ ചെയർമാൻമാർ, സംഘങ്ങൾ/ബാങ്കുകളുടെ പ്രസിഡന്റ്/സെക്രട്ടറി മാർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത്, കുടിശ്ശിക നിലവാരം വിലയിരുത്തുക യും, ആശ്വാസ് 2016 സംഘടിപ്പിക്കുന്നതും നടത്തിപ്പും സംബന്ധിച്ച് വിശദീകരിക്കു കയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

4) അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർ സർക്കിൾ യൂണിയൻ ചെയർമാൻ താലൂക്കിലെ വായ്പാ സംഘങ്ങൾ/ബാങ്കുകളുടെ പ്രസിഡന്റ്/സെക്രട്ടറിമാർ, വകുപ്പുദ്യോഗസ്ഥർ, എന്നിവരുടെ യോഗം 2015 ഡിസംബർ 30ന് മുമ്പ് കൂടി ഓരോ സംഘത്തിന്റെയും കുടിശ്ശിക നിലവാരം വിലയിരുത്തുകയും, സംഘം/ബാങ്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നത് ഉൾപ്പെടെ ആശ്വാസ് 2016 നടപ്പാക്കുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കേണ്ടതും, ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കേ ണ്ടതും, അദാലത്തിലേയ്ക്ക് വകുപ്പ് ഉദ്യോഗസ്ഥരെ വിന്യസിക്കേണ്ടതുമാണ്.

5) ആശ്വാസ് 2016 പുരോഗതി വിലയിരുത്തുന്നതിനായി കണക്കുകൾ ശേഖരിച്ച് അവലോകനം ചെയ്യുന്നതിനായി മാതൃകാ പ്രൊഫോർമകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലനിൽക്കുന്ന കുടിശ്ശിക വായ്പാ കണക്കുകൾ 1ാം നമ്പർ പ്രോഫോർമയിൽ സംഘം/ബാങ്ക് തലത്തിൽ ശേഖരിക്കേണ്ടതും ആയത് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, അപ്രകാരം താലൂക്ക് തലത്തിലുള്ള സംഘങ്ങ ളുടെ വിവരങ്ങൾ 2-ാം നമ്പർ പ്രൊഫോർമയിൽ ക്രോഡീകരിച്ച് ബന്ധപ്പെട്ട അസി സ്റ്റന്റ് രജിസ്ട്രാർ(ജനറൽ) സാക്ഷ്യപ്പെടുത്തി ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ഇതുൾപ്പെടെ പ്രൊഫോർമ 3 തയ്യാറാക്കി ജോയിന്റ് രജിസ്ട്രാർമാർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് 15.1.2016 നകം സമർപ്പിക്കേണ്ടതാണ്. ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് സംഘം തല ത്തിൽ പ്രൊഫോർമ 4-ലും, താലൂക്ക് തലത്തിൽ പ്രൊഫോർമ 5 ലും ജില്ലാ തലത്തിൽ പ്രൊഫോർമ 6ലും തയ്യാറാക്കി അതാതു തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ 10/4/2016-നകം സഹകരണ

സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ പ്രൊഫോർമയിൽ തയ്യാറാക്കി അസിസ്റ്റന്റ് രജിസ്ട്രാർ/വാലേഷൻ ആഫീസർമാർ ജോയിന്റ് രജിസ്ട്രാർക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്.

അദാലത്തിൽ പരിഗണിക്കുന്ന ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകളുടെ പുരോഗതി വിവരം യഥാക്രമം പ്രൊഫോർമ- **7, 8** എന്നിവയിൽ താലൂക്ക് തലത്തിൽ ശേഖരിച്ച് ജില്ലാതലത്തിൽ ക്രോഡീകരിച്ച് ആദ്യ റിപ്പോർട്ട് 15/3/2016 നും അന്തിമ റിപ്പോർട്ട് 10/4/2016 നകവും സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

6) ചില അസിസ്റ്റന്റ് രജിസ്ട്രാർമാർ റിപ്പോർട്ടുകൾ യഥാസമയം സഹകരണ സംഘം രജിസ്ട്രാർക്കും ജോയിന്റ് രജിസ്ട്രാർക്കും സമർപ്പിക്കുന്നതിലും, പ്രൊഫോർമ വിവരങ്ങൾ തെറ്റു കൂടാതെ സമർപ്പിക്കുന്നതിലും, സംഘങ്ങളുടെ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യംചെയ്യുന്നതിലും ഉദാസീനത പുലർത്തുന്നതായി മുൻകാലങ്ങളിലെ പദ്ധതി അവലോകന കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓർമ്മപ്പെടുത്തുന്നു.

7) ഓരോ സഹകരണ സംഘവും ആശ്വാസ് 2016 പ്രകാരം നൽകുന്ന ഇളവുകൾ അനുബന്ധം(എ) യിലെ മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ അവലോകനം നടത്തുന്നതിനും മറ്റും ഇത് സഹായകരമാകുമെന്നതിനാൽ സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക്/സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങൾ എന്നിവയുടെ ഹെഡ്ഡാഫീസിലും, ശാഖകളിലും ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതിന്, അതാതു ബാങ്കുകൾ നിർദ്ദേശം നൽകേണ്ടതുമാണ്.

8) സംസ്ഥാനതലത്തിൽ പ്രവർത്തിയ്ക്കുന്ന അപ്പക്സ് ബാങ്കുകളുടെ കണക്കുകൾ ടി ബാങ്കുകൾ നേരിട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

9) ഓരോ സംഘത്തിന്റെയും യൂണിറ്റ് ഇൻസ്പെക്ടർക്കായിരിയ്ക്കും, ആശ്വാസ് 2016 സംഘം തല മോണിറ്ററിംഗ് നടത്തുന്നതിനുള്ള ചുമതല. പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. അസിസ്റ്റന്റ് രജിസ്ട്രാർ/വാലേഷൻ ആഫീസർമാർ പ്രത്യേകം നിയമിക്കാത്ത പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ ചുമതലയുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/വാലേഷൻ ആഫീസർക്കൊപ്പം ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർക്ക് കൂടി ഇതിന്റെ ചുമതല നൽകേണ്ടതാണ്. ആശ്വാസ് 2016

കാലാവധി അവസാനിച്ചു കഴിഞ്ഞതിനു ശേഷം, ഓരോ സംഘത്തിന്റെയും പ്രവർത്തനം സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽനിന്ന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ,സംഘങ്ങൾ സന്ദർശിച്ച് വിലയിരുത്തുന്നതും, സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർക്കും, അസിസ്റ്റന്റ് രജിസ്ട്രാർക്കും എതിരെ കർശനനടപടികൾ സ്വീകരിക്കുന്നതുമാണ്.

10) പ്രസ്തുത പദ്ധതി മികച്ചരീതിയിൽ പ്രയോജനപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതാണ്.

## കമ്മിറ്റികൾ

| | | |
|---|---|---|
| **സംഘം തലത്തിൽ** | | |
| 1 | അതാത് സംഘം/ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 2 | എല്ലാ ഭരണ സമിതി അംഗങ്ങളും | അംഗങ്ങൾ |
| 3 | അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ | അംഗം |
| 4 | യൂണിറ്റ് ഇൻസ്പെക്ടർ | അംഗം |
| 5 | സംഘം ആഡിറ്റർ | അംഗം |
| 6 | എ & ഇ ഇൻസ്പെക്ടർ | അംഗം |
| 7 | ജീവനക്കാരുടെ ഒരു പ്രതിനിധി | അംഗം |
| 8 | ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറി | കൺവീനർ |
| **താലൂക്ക് തലം** | | |
| 1 | ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ | ചെയർമാൻ |
| 2 | പ്രസിഡന്റ്, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്ക് | അംഗം |
| 3 | ജോയിന്റ് രജിസ്ട്രാർ നോമിനേറ്റ് ചെയ്യുന്ന 5 സർവ്വീസ് സഹകരണ ബാങ്ക്/എംപ്ലോയീസ്/മറ്റ് വായ്പാ സംഘം പ്രസിഡന്റുമാർ | അംഗങ്ങൾ |
| 4 | പ്രാഥമിക ഹൗസിംഗ് സഹകരണ സംഘം പ്രസിഡന്റുമാർ | അംഗങ്ങൾ |
| 5 | ജില്ലാ സഹകരണ ബാങ്കിന്റെ ടി താലൂക്കിനെ പ്രതിനിധീകരിക്കുന്ന ഭരണ സമിതി അംഗങ്ങൾ | അംഗം |
| 6 | അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് | അംഗം |
| 7 | എക്സിക്യൂട്ടീവ് ആഫീസർ, ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 8 | ശാഖാ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 9 | ജീവനക്കാരുടെ മൂന്ന് പ്രതിനിധികൾ | അംഗങ്ങൾ |
| 10 | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |
| 11 | അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) | ജോയിന്റ് കൺവീനർ |
| **ജില്ലാ തലം** | | |
| 1 | ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 2 | ചെയർമാൻമാർ സർക്കിൾ സഹകരണ യൂണിയൻ | അംഗങ്ങൾ |
| 3 | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ്/ സെക്രട്ടറി | അംഗം |
| 4 | എല്ലാ അർബൻ ബാങ്ക് പ്രസിഡന്റുമാരും | അംഗങ്ങൾ |

| | | |
|---|---|---|
| 5 | സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്/ ഹൗസിംഗ് ഫെഡറേഷൻ ഭരണ സമിതിയിൽ ജില്ലയെ പ്രതി നിധീകരിക്കുന്ന അംഗങ്ങൾ | അംഗങ്ങൾ |
| 6 | ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക് | അംഗം |
| 7 | സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) | അംഗം |
| 8 | ജീവനക്കാരുടെ മൂന്ന് പ്രതിനിധികൾ (അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ അതാത് ജില്ലാതല പ്രതിനിധി കളെ നിശ്ചയിക്കേണ്ടതാണ്. | അംഗങ്ങൾ |
| 9 | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | കൺവീനർ |
| 10 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | ജോയിന്റ് കൺവീനർ |

11) ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച്/പദ്ധതി പ്രായോഗിക പ്രശ്നങ്ങൾ/ ജില്ലയിലെ സഹകരണ മേഖലയിൽ സ്വീകരിച്ച/സ്വീകരിച്ചുവരുന്ന കാര്യങ്ങൾ ഡെപ്യൂട്ടിരജിസ്ട്രാർ (ഭരണം),സഹകരണ സംഘം (ക്രെഡിറ്റ്) അഡീഷണൽ രജിസ്ട്രാർക്ക് ഫാക്സ്/ഇ-മെയിൽ മുഖേന, യഥാസമയം തീയതികളിൽ റിപ്പോർട്ട്ചെയ്യേണ്ടതാണ്.

12) ജില്ലാതലപ്രവർത്തനം ഫലവത്തായി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല (നോഡൽ ആഫീസർ) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ക്ക് ആയിരിക്കും.

13) സംസ്ഥാനതലത്തിൽ ഈ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്) നോഡൽ ആഫീസർ ആയിരിക്കും.

14) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ചുവടെ പരാമർശിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | | |
|---|---|---|
| 1 | ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്) | 04712330726(ഋ:േ. 215) |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ (ഐ.സി.ഡി.പി) | 04712330726(ഋ:േ. 215) |
| 3 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 1 - സി.ബി) | 04712330726(ഋ:േ. 229) |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 2 - സി.പി) | 04712330726(ഋ:േ. 230) |
| 5 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 3 - സി.എൽ.റ്റി) | 04712330726(ഋ:േ.228) |
| 6 | അ.ഋ.ഘ സെക്ഷൻ | 04712330726(ഋ:േ.228) |
| 7 | ഫാക്സ് നമ്പർ | 04712331513 |

ഒപ്പ്,
എസ്. ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
6. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്,
   തിരുവനന്തപുരം.
7. ചെയർമാൻ/മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
8. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ.
9. ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, ജില്ലാ സഹകരണ ബാങ്കുകൾ/ കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ.
10. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ,.... . . . . . . . . . . . . . . . .
11. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
12. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം.
13. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/വാല്യുവേഷൻ ആഫീസർമാർക്കും
14. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
15. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
16. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും/സെക്ഷനുകൾക്കും
17. രജിസ്ട്രാറുടെ മേശപ്പുറത്ത്
18. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
19. വെബ്സൈറ്റ്
20. സ്റ്റോക്ക് ഫയൽ
21. സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി)

**അനുബന്ധം – എ**

…... . . . . . . . . . . . . . . . . . .സഹകരണ സംഘം/ബാങ്ക് ക്ലിപ്തം നം... . . . . .

**കുടിശ്ശിക നിവാരണ പദ്ധതി**

# ആശ്വാസ് – 2016

1 വായ്പക്കാരന്റെ പേര്
2 വായ്പ നമ്പർ.
3 വായ്പയെടുത്ത തീയതി മുതൽ നാളിതുവരെ
അടച്ച തുക
മുതൽ
പലിശ
പിഴപ്പലിശ
11
മറ്റിനം
4 കുടിശ്ശിക
മുതൽ
പലിശ (. . . . . . . . . . . . % നിരക്കിൽ)
പിഴപ്പലിശ
മറ്റിനം
ആകെ
5 ആശ്വാസ്–2016 പദ്ധതി പ്രകാരം അടയ്ക്കേതുക
മുതൽ
പലിശ
എ.ആർ.സി ഫീസ്
എക്സിക്യൂഷൻ ഫീസ്
ആകെ
6 ഇളവനുവദിച്ചത്
മുതൽ
പലിശ
പിഴപ്പലിക
നോട്ടീസ് ചാർജ്ജ്

കേസ് ചിലവ്
മറ്റിനം
ആകെ
7 അടച്ച തുക
സ്ഥലം :
തീയതി : സെക്രട്ടറി

## പ്രൊഫോർമ – 1

# ആശ്വാസ്–2016

### 31.12.2015 ലെ സംഘം തല കുടിശ്ശിക സ്റ്റേറ്റ്മെന്റ്

## സംഘം/ബാങ്കിന്റെ പേര്:

തുക

**ലക്ഷത്തിൽ**

| ക്രമ നം. | വായ്പക്കാരന്റെ പേര് | 31.12.2015 ലെ ആകെ വായ്പാ ബാക്കിനിൽപ്പ് | | | | വായ്പ കുടിശ്ശിക കണക്കുകൾ | | | | | | ആകെ കുടിശ്ശിക തുക | കുടിശ്ശിക % | ആർബിട്രേഷൻകേസ് | | എക്സിക്യൂഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | കാർഷികേതരം | | കാർഷികം | | കാർഷികേതരം | | പിഴപ്പലിശ | മറ്റ് ചിലവുകൾ | | | | | | |
| | | എണ്ണം | തുക | എണ്ണം | തുക | മുതൽ | പലിശ | മുതൽ | പലിശ | | | | | എണ്ണം | തുക | എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | | |

മേൽ വിവരിച്ച കണക്കുകൾ സംഘങ്ങളിൽ നിന്നും ശേഖരിച്തും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

യൂണിറ്റ് ഇൻസ്പെക്ടർ

പേര് :

യൂണിറ്റ് :

ഒപ്പ് :

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) :

ഒപ്പ് :

പേര് :

## പ്രൊഫോർമ – 2

# ആശ്വാസ്–2016

### 31.12.2015 ലെ ജില്ലാ തല കുടിശ്ശിക സ്റ്റേറ്റ്മെന്റ്

**താലൂക്ക്/ജില്ല:** **തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | 31.12.2015 ലെ ആകെ വായ്പാ ബാക്കിനിൽപ്പ് | | | | വായ്പ കുടിശ്ശിക കണക്കുകൾ | | | | | | ആകെ കുടിശ്ശിക തുക | കുടിശ്ശിക % | ആർബിട്രേഷൻകേസ് | | എക്സിക്യൂഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | കാർഷികേതരം | | കാർഷികം | | കാർഷികേതരം | | പിഴപ്പലിശ | മറ്റ് ചിലവുകൾ | | | | | | |
| | | എണ്ണം | തുക | എണ്ണം | തുക | മുതൽ | പലിശ | മുതൽ | പലിശ | | | | | എണ്ണം | തുക | എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | | |

മേൽ വിവരിച്ച കണക്കുകൾ സംഘങ്ങളിൽ നിന്നും ശേഖരിച്ചതും പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്.

യൂണിറ്റ് ഇൻസ്പെക്ടർ

പേര് : ഒപ്പ് :

യൂണിറ്റ് : പേര് :

ഒപ്പ് : അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് രജിസ്ട്രാർ (ജനറൽ) :

# പ്രൊഫോർമ – 3

# ആശ്വാസ്–2016

## 31.12.2015 ലെ ജില്ലാതല കുടിശ്ശിക സ്റ്റേറ്റ്മെന്റ് (ക്രോഡീകരിച്ചത്)

**തുക ലക്ഷത്തിൽ**

| ക്ര. നം. | സംഘം/ബാങ്കിന്റെ പേര് | 31.12.2015 ലെ ആകെ വായ്പാ ബാക്കിനിൽപ്പ് | | | | വായ്പ കുടിശ്ശിക കണക്കുകൾ | | | | | | ആകെ കുടിശ്ശിക തുക | കുടിശ്ശിക % | ആർബിട്രേഷൻകേസ് | | എക്സിക്യൂഷൻ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | കാർഷികേതരം | | കാർഷികം | | കാർഷികേതരം | | പിഴപ്പലിശ | മറ്റ് ചിലവുകൾ | | | | | | |
| | | എണ്ണം | തുക | എണ്ണം | തുക | മുതൽ | പലിശ | മുതൽ | പലിശ | | | | | എണ്ണം | തുക | എണ്ണം | തുക |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| 1 | ജില്ലാ സഹകരണ ബാങ്ക് | | | | | | | | | | | | | | | | |
| 2 | പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ | | | | | | | | | | | | | | | | |
| 3 | അർബൻ സഹകരണ ബാങ്കുകൾ | | | | | | | | | | | | | | | | |
| 4 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ | | | | | | | | | | | | | | | | |
| 5 | കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 6 | ജീവനക്കാരുടെ സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 7 | പ്രാഥമിക ഭവന സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| 8 | വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ | | | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)

(നോഡൽ ആഫീസർ) ജോയിന്റ് രജിസ്ട്രാർ :

## പ്രൊഫോർമ – 4

# ആശ്വാസ്–2016

**31.3.16 ലെ സംഘം തല പുരോഗതി പട്ടിക**

## സംഘം/ബാങ്കിന്റെ പേര്:

**തുക ലക്ഷത്തിൽ**

| ക്രമ നം. | വായ്പക്കാരന്റെ പേര് | വായ്പ കുടിശ്ശിക,വരവ്,കണക്കുകൾ 31/3/2016 | | | | | | ആകെ മുതൽ വരവ് (4+7) | ആകെ പലിശ വരവ് (5+8) | ആകെ കുടിശ്ശിക വരവ് (9 + 10) | വായ്പക്കാർക്ക് നൽകിയ ആനുകൂല്യങ്ങൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | | കാർഷികേതരം | | | | | | കാർഷികം | കാർഷികേതരം | |
| | | മുതൽ തുക | | പലിശ തുക | മുതൽ തുക | | പലിശ തുക | | | | പിഴപ്പലിശ/ പലിശ/ മറ്റു ചെലവുകൾ | പിഴപ്പലിശ/ പലിശ/ മറ്റു ചെലവുകൾ | |
| | | എണ്ണം | തുക | | എണ്ണം | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | |

പേര് :
യൂണിറ്റ് :
ഒപ്പ് :

ഒപ്പ് :
പേര് :

അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് രജിസ്ട്രാർ(ജനറൽ)

## പ്രൊഫോർമ – 5

# ആശ്വാസ്–2016

### 31.3.16 ലെ ജില്ലാ തല പുരോഗതി പട്ടിക

**ജില്ല/താലൂക്ക്:** **തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | വായ്പ കുടിശ്ശിക,വരവ്,കണക്കുകൾ 31/3/2016 | | | | | | ആകെ മുതൽ വരവ് (4+7) | ആകെ പലിശ വരവ് (5+8) | ആകെ കുടിശ്ശിക വരവ് (9 + 10) | വായ്പക്കാർക്ക് നൽകിയ ആനുകൂല്യങ്ങൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | | കാർഷികേതരം | | | | | | കാർഷികം | കാർഷികേതരം | |
| | | മുതൽ തുക | | പലിശ തുക | മുതൽ തുക | | പലിശ തുക | | | | പിഴപ്പലിശ/ പലിശ/ മറ്റു ചെലവുകൾ | പിഴപ്പലിശ/ പലിശ/ മറ്റു ചെലവുകൾ | |
| | | എണ്ണം | തുക | | എണ്ണം | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
(നോഡൽ ആഫീസർ)
ജില്ല

അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ

## പ്രൊഫോർമ – 6

# ആശ്വാസ് – 2016

## 31.3.2016 ലെ ജില്ലാ തല പുരോഗതി പട്ടിക (കൺസോളിഡേറ്റഡ്)

**ജില്ല :** **തുക ലക്ഷത്തിൽ**

| ക്രമ നം. | സംഘം/ബാങ്കിന്റെ പേര് | വായ്പ കുടിശ്ശിക,വരവ്,കണക്കുകൾ 31/3/2016 തീയതി വരെ | | | | | | ആകെ മുതൽ വരവ് (4+7) | ആകെ പലിശ വരവ് (5+8) | ആകെ കുടിശ്ശിക വരവ് (9 + 10) | വായ്പക്കാർക്ക് നൽകിയ ആനുകൂ ല്യങ്ങൾ | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കാർഷികം | | | കാർഷികേതരം | | | | | | കാർഷികം | കാർഷി കേതരം | |
| | | മുതൽ തുക | | പലിശ തുക | മുതൽ തുക | | പലിശ തുക | | | | പിഴപ്പ ലിശ/ പലിശ/ അറ്റു ചെലവു കൾ | പിഴപ്പ ലിശ/ പലിശ/ അറ്റു ചെലവു കൾ | |
| | | എണ്ണം | തുക | | എണ്ണം | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | ജില്ലാ സഹകരണ ബാങ്ക് | | | | | | | | | | | | |
| 2 | പ്രാഥമിക കാർഷിക സഹകരണസംഘങ്ങൾ | | | | | | | | | | | | |
| 3 | അർബൻ സഹകരണ ബാങ്കുകൾ | | | | | | | | | | | | |
| 4 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വിക സന ബാങ്കുകൾ | | | | | | | | | | | | |
| 5 | കാർഷികേതര വായ്പാ സഹകരണ സംഘ ങ്ങൾ | | | | | | | | | | | | |
| 6 | ജീവനക്കാരുടെ സഹ കരണ സംഘങ്ങൾ | | | | | | | | | | | | |
| 7 | പ്രാഥമിക ഭവന സഹ കരണ സംഘങ്ങൾ | | | | | | | | | | | | |
| 8 | വായ്പാ വിതരണം നട ത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ | | | | | | | | | | | | |
| ആകെ | | | | | | | | | | | | | |

ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
(നോഡൽ ആഫീസർ)

ജോയിന്റ് രജിസ്ട്രാർ(ജനറൽ)

<u>താലൂക്ക്/ജില്ല</u>

**<u>പ്രൊഫോർമ – 7</u>**

# <u>ആശ്വാസ് – 2016</u>

| ആർബിട്രേഷൻ കേസുകളുടെ അവലോകനം (തുക ലക്ഷത്തിൽ) | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 31.12.2015 ലെ ബാക്കി നിൽപ്പ് | | | | | | | | | അദാലത്തിൽ നടപടി കൈക്കൊണ്ടത് | | അദാലത്തിൽ തീർപ്പാക്കിയത് | | 29.2.2016/31.3.2016 ലെ ബാക്കി നിൽപ്പ് | | ബാക്കി നിൽപ്പിന് കാരണം |
| | എണ്ണം | | | | | | ആകെ | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | |
| സംഘത്തിന്റെ പേര് | 6 മാസത്തിനും 1 വർഷത്തിനും ഇടയിൽ | 1 വർഷത്തിനും 2 വർഷത്തിനും ഇടയിൽ | 2 വർഷത്തിനും 3 വർഷത്തിനും ഇടയിൽ | 3 വർഷത്തിനും 5 വർഷത്തിനും ഇടയിൽ | 5 വർഷത്തിനും 10 വർഷത്തിനും ഇടയിൽ | 10 വർഷത്തിനു മുകളിൽ | | | | | | | | | |
| | | | | | | | | | | | | | | | |

താലൂക്ക്/ജില്ല

**പ്രൊഫോർമ - 8**

# ആശ്വാസ് - 2016

| എക്സിക്യൂഷൻ കേസുകളുടെ അവലോകനം (തുക ലക്ഷത്തിൽ) | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 31.12.2015 ലെ ബാക്കി നിൽപ്പ് | | | | | | | | | അദാലത്തിൽ നടപടി കൈക്കൊണ്ടത് | | അദാലത്തിൽ തീർപ്പാക്കിയത് | | 29.2.2016/31.3.2016 ലെ ബാക്കി നിൽപ്പ് | | ബാക്കി നിൽപ്പിന് കാരണം |
| | എണ്ണം | | | | | | ആകെ | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | |
| സംഘത്തിന്റെ പേര് | 6 മാസത്തിനും 1 വർഷത്തിനും ഇടയിൽ | 1 വർഷത്തിനും 2 വർഷത്തിനും ഇടയിൽ | 2 വർഷത്തിനും 3 വർഷത്തിനും ഇടയിൽ | 3 വർഷത്തിനും 5 വർഷത്തിനും ഇടയിൽ | 5 വർഷത്തിനും 10 വർഷത്തിനും ഇടയിൽ | 10 വർഷത്തിനു മുകളിൽ | | | | | | | | | |
| | | | | | | | | | | | | | | | |